(സി) ഉണ്ട്. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഗവർണ്ണർ ചീഫ് സെക്രട്ടറിയെ സ്വന്തം വസതിയിൽ വിളിച്ച് യോഗ്യത സംബന്ധിച്ച സ്പഷ്ടീകരണം നടത്തുകയാണുണ്ടായത്.

(ഡി)	ശമ്പളം	-	66,69,314 രൂപ
	യാത്രാബത്ത	-	5,25,548 രൂപ
	ഉത്സവബത്ത	-	8,800 രൂപ
	മെഡിക്കൽ റീഇംബേഴ്സ്മെന്റ്	-	2,76,530 രൂപ
	ലീവ് സറണ്ടർ	-	2,94,250 രൂപ

കാർഷിക സർവ്വകലാശാലയിൽ നിന്നും കൈപ്പറ്റിയ തുക അനുബന്ധമായി ചേർത്തിരിക്കുന്നു.

സർവ്വകലാശാലകളുടെ ഭരണം

139 (1216) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളിൽ അക്കാദമിക്-ഭരണരംഗത്ത് അരാജകത്വം നിലനിൽക്കുന്നതായുള്ള ആക്ഷേപം വിവയിരുത്തിയിട്ടുണ്ടോ ; വിശാലമായ അക്കാദമിക് വീക്ഷണവും നിശ്ചിതയോഗ്യതയുമില്ലാത്തവരെ വൈസ് ചാൻസലർമാരായി നിയമിച്ചതാണ് ഈ അവസ്ഥയ്ക്ക് കാരണം എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ ;

(ബി) സർവ്വകലാശാലാ ചട്ടങ്ങൾ പരിഗണിക്കാതെ വൈസ്ചാൻസലർമാരും ഭരണ സമിതികളും തീരുമാനങ്ങളെടുക്കാറുണ്ടോ; എങ്കിൽ അത് തടയുന്നതിന് നടപടി സ്വീകരിക്കാത്തതെന്തുകൊണ്ടെന്ന് വിശദമാക്കുമോ ;

(സി) വൈസ്ചാൻസലർമാരും പ്രൊ-വൈസ്ചാൻസലർമാരും ഉൾപ്പെടെ സർവ്വകലാശാലകളിലെ ഉന്നതർ വിജിലൻസ് കേസുകളിൽ പ്രതിചേർക്കപ്പെട്ടതുമായി ബന്ധപ്പെട്ട കേസുകളുടെ വിശദാംശം ലഭ്യമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സർവ്വകലാശാലകളിലെ വി.സി.-യും പി.വി.സി.-യും വിദേശയാത്ര നടത്തുമ്പോൾ മുൻകൂട്ടി അനുവാദം വാങ്ങണമെന്ന് ചട്ടം അനുശാസിക്കുന്നുണ്ടോ ; മഹാത്മാഗാന്ധി സർവ്വകലാശാലാ പി.വി.സി. ഈയടുത്തിടെ വിദേശ രാജ്യങ്ങളിൽ സന്ദർശനം നടത്തിയതിന് മുൻകൂട്ടി അനുവാദം വാങ്ങിയിരുന്നോ ; വിശദമാക്കുമോ ; ഇവർ ഭരണമുന്നണിയിലെ ഒരു രാഷ്ട്രീയ കക്ഷിയുടെ ആളാണെന്ന് പരസ്യമായി സ്വന്തം പ്രസംഗത്തിലൂടെ അവകാശപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതു സംബന്ധിച്ച് വിശദീകരണമാരാഞ്ഞിരുന്നോ ?

ഉത്തരം

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളിൽ അരാജകത്വം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇത്തരം പരാതികൾ ഗവൺമെന്റിന് ലഭിച്ചിട്ടില്ല. വൈസ് ചാൻസലർക്കെതിരെ നടപടി സ്വീകരിക്കുന്നതിനുള്ള അധികാരം ബഹുമാനപ്പെട്ട ചാൻസലറിൽ നിക്ഷിപ്തമാണ്.

(സി) കാലിക്കറ്റ് സർവ്വകലാശാല മുൻ വൈസ്-ചാൻസലർ, പ്രോ-വൈസ് -ചാൻസലർ എന്നിവർക്കെതിരെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ 14-5-2015 തീയതിയിലെ VC-21/2015-ാം നമ്പർ എഫ്.ഐ.ആർ. പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) സർവ്വകലാശാലകളിലെ വി.സി.-യും പി.വി.സി-യും വിദേശയാത്ര നടത്തുമ്പോൾ അനുമതി നൽകേണ്ടത് ബഹുമാനപ്പെട്ട ചാൻസലറാണ്. മഹാത്മാഗാന്ധി സർവ്വകലാശാല പി.വി.സി. ഈ അടുത്തകാലത്ത് വിദേശ രാജ്യങ്ങളിൽ സന്ദർശനം നടത്തിയതിന് അനുമതി നൽകേണ്ടത് ബഹുമാനപ്പെട്ട ചാൻസലറാണ്. ഇവർ ഭരണ മുന്നണിയിലെ ഒരു രാഷ്ട്രീയ കക്ഷിയുടെ ആളാണെന്ന് പരസ്യമായി സ്വന്തം പ്രസംഗത്തിലൂടെ അവകാശപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിരുന്നു. ഇതുസംബന്ധിച്ച നടപടികൾ സ്വീകരിക്കുന്നതിനുള്ള അധികാരം ബഹുമാനപ്പെട്ട ചാൻസലറിൽ നിക്ഷിപ്തമാണ്.

ഹയർ സെക്കണ്ടറി തുല്യതാ കോഴ്സുകൾ

140 (1217) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സാക്ഷരതാ മിഷന്റെ കീഴിൽ ഹയർ സെക്കണ്ടറി തുല്യതാ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly